

# ടാസ്മാനിയ

## ലോകത്തിന്റെ തെക്കേമുനമ്പിലേയ്ക്കൊരു യാത്ര

ഉമേഷ് പണിക്കർ

മുന്നിൽ സമുദ്രമാണ്, പ്രവചനങ്ങൾക്കതീതമായ സമുദ്രം! പ്രക്ഷുബ്ധാവസ്ഥകൾ ഉള്ളിലടക്കി തീർത്തും ശാന്തമായി, തീരത്തു ചിതറിക്കിടക്കുന്ന പാറക്കെട്ടുകളിൽ തല്ലിത്തകർന്നു പിന്മാറുന്ന ചെറുതിരകൾ, അവയെന്റെ പാദം നനച്ചുകൊണ്ടെന്നോടു മിണ്ടുന്നുണ്ട്. സമുദ്രം പറയുന്ന കഥ എന്തിനെക്കുറിച്ചാവും? തീരത്തു തകർന്നടിഞ്ഞ കപ്പലുകളെക്കുറിച്ചോ? ആഴങ്ങളിൽ അപ്രത്യക്ഷരായ സാഹസികരായ നാവികരെക്കുറിച്ചോ?

ഏറെനേരത്തിനു ശേഷം ആ തീരത്തുനിന്നും നടന്നകലുമ്പോൾ ഒരു തീരുമാനമെടുത്തു കഴിഞ്ഞിരുന്നു, അടുത്ത യാത്രയ്ക്കിനി ഒട്ടും കാത്തിരിക്കേണ്ടതില്ല.

ഭൂമി വിവിധഭാവങ്ങൾ കാട്ടിമോഹിപ്പിച്ച് വളരെ വിശാലമായി, വിസ്മയമായി നിലകൊള്ളുമ്പോൾ, നാം വളരെച്ചെറിയൊരു ഭൂഭാഗം മാത്രം കണ്ടുപരിചയിച്ച് ഈ ചെറിയജീവിതം ഇരുട്ടിവെളുപ്പിക്കുന്നു. അതിൽ നിറയെ പ്രാരാബ്ദങ്ങളും ആവലാതികളും നിറയ്ക്കുന്നു. ജീവിതത്തെ സൂക്ഷ്മമായി നിരീക്ഷിക്കാൻ സഹായിക്കുന്ന യാത്രകൾ എന്നോടൊപ്പം ചേരുകയായിരുന്നോ ഞാൻ യാത്രകളെ ചേർത്തു പിടിക്കുകയായിരുന്നോ എന്ന് കൃത്യമായി അറിയില്ല. എന്നു മുതലാണ് ഞാനൊരു യാത്രികനായതെന്നും കൃത്യമായി പറയാനാകില്ല. ഒന്നറിയാം, മറ്റെന്തിനേക്കാളും ഒരു യാത്രികനാണു ഞാൻ.


**ജീവിതത്തെ സൂക്ഷ്മമായി നിരീക്ഷിക്കാൻ സഹായിക്കുന്ന യാത്രകൾ എന്നോടൊപ്പം ചേരുകയായിരുന്നോ ഞാൻ യാത്രകളെ ചേർത്തു പിടിക്കുകയായിരുന്നോ ?. ഒന്നറിയാം, മറ്റെന്തിനേക്കാളും ഒരു യാത്രികനാണു ഞാൻ.**

എവറസ്റ്റ് സമ്മിറ്റിലേക്കു നടത്തിയ, പരാജയപ്പെട്ടു പോയ ആ ഉദ്യമം ഒരുവേള എന്നിലെ സാഹസികനെ തെല്ലുപരിഭ്രമിപ്പിച്ചിരുന്നു എന്നതു മറച്ചുവെയ്ക്കുന്നില്ല. ക്യാംപ് ത്രീയിലെ മരണത്തെ മുന്നിൽക്കണ്ട, എല്ലാവരാലും ഉപേക്ഷി



ക്കപ്പെട്ട ആ കൊടുംശൈത്യരാവു താണ്ടുമ്പോൾ മരണം മാത്രമായിരുന്നു കൂട്ട്. തണുപ്പ്, മഞ്ഞ്, ശീതക്കാറ്റ് എന്നിങ്ങനെ ചുറ്റും മരണം താണ്ഡവനൃത്തമാടിയ ആ മണിക്കൂറുകൾക്കു ശേഷവും തിരഞ്ഞെത്തിയവർക്കു മുന്നിൽ നിലയ്ക്കാതെ ഹൃദയമിടപ്പുമായി മരണം തൊട്ടുനോക്കാത്തവനായി ഞാൻ അർദ്ധ ബോധത്തിൽ കിടന്നിരുന്നു. കാഠ്മണ്ഡുവിലെ ആശുപത്രിയിൽ നിന്നും ഞാൻ ജീവനിലേയ്ക്കാണു കാലെടുത്തു വെച്ചത്. പിന്നെയും ഒരു യാത്ര എന്ന ചിന്ത പോലും ഉപേക്ഷിച്ചനാളുകൾ. എന്നാൽ എത്രകാലം അങ്ങനെ കഴിയും? വീണ്ടും ചെറുയാത്രകൾ ആരംഭിച്ചു.

മൊറോക്കോ തെരുവുകളിലെ വഴിവിളക്കിൻ കീഴിൽ അവിടുത്തെ വരണ്ടകാറ്റിന്റെ മർമരത്തിനു ചെവികൊടുത്ത്, നിരത്തുകളിലെ വർണ്ണവിസ്മയം കണ്ടിരിക്കുമ്പോഴും എനിക്കുറപ്പുണ്ടായിരുന്ന ഒന്നുണ്ട്, ഓരോ തവണയും എന്റെ യാത്രകൾ എനിക്കു നൽകിയ വിസ്മയങ്ങൾക്കപ്പുറം, ഈ ഭൂമി എനിക്കായ് ഇനിയും കാഴ്ചകളുടേയും അനുഭവങ്ങളുടേയും അക്ഷയ ഖനി ഒളിപ്പിച്ചു വെച്ചിരിക്കുന്നു എന്ന യാഥാർത്ഥ്യം. പർവതങ്ങൾ എക്കാലവും പ്രലോഭനങ്ങളായി നിലകൊള്ളും. മഞ്ഞിന്റെ വിവിധരൂപങ്ങൾ, കാലാവസ്ഥയിലെ അപ്രതീക്ഷിതമാറ്റങ്ങൾ, അപകടം നിറഞ്ഞവഴികൾ, മരണം എന്നത് ഏറ്റവും യാഥാർത്ഥ്യമായി തൊട്ടറിയുക അപ്പോഴാണ്. പിന്നീടു നമ്മൾ ജീവിതത്തെ അത്രയേറെ സ്നേഹിക്കും. മരുഭൂമിയും വ്യത്യസ്തമല്ല. അതു മായാമോഹിനിയാണ്. കാറ്റിൽ ചിതറുന്ന മണൽത്തരികളുടെ സാഗരം, അനന്തജൈവവൈവിധ്യം മരുഭൂമിക്കു മാത്രം സ്വന്തം. കാടും അതുപോലെ തന്നെ. കാണുന്നതൊന്നും ഒരേ കാഴ്ചയല്ല. എന്നാൽ സമുദ്രത്തെ ഞാൻ തൊട്ടറിഞ്ഞിട്ടില്ല. ചില ചെറുയാത്രകൾക്കപ്പുറം സമുദ്രം മറ്റൊരു ഭൂമിക്കു സമമാണെന്നു തന്നെ പറയേണ്ടിവരും. കുന്നുകളും പർവതങ്ങളും താഴ് വരകളും നിറഞ്ഞ മറ്റൊരു ഭൂമി. അതിനൊരു തുടക്കം വേണം. സമുദ്രം, വെറുതേ ഓടിച്ചെന്നു കീഴടക്കാവുന്ന ഒന്നല്ല. പഠിക്കണം സമുദ്രത്തെ. അതിലെ തിരകളെ, കാറ്റിനെ, പേമാരിയെ, കടലിൽ ചക്രവാളത്തിൽ ഉദിച്ചുയരുന്ന സൂര്യനെ, കടൽ പക്ഷികളുടെ ഗതിയെ, രാജ്യാന്തര കപ്പൽച്ചാലുകളെ, അന്താരാഷ്ട്ര നിയമങ്ങളെ.... അതിനൊരു തുടക്കമെന്ന നിലയിലാണ് ഞാൻ അങ്ങു ദൂരെ ഓസ്ട്രേലിയൻ വൻകരയുടെ ഭാഗമായ പ്രധാന ദ്വീപ് സമൂഹമാണ് ടാസ്മാനിയ. ടാസ്മാനിയ എന്ന പേര് എന്നെ പ്രലോഭിപ്പിക്കാൻ തുടങ്ങിയിട്ട് കുറേക്കാലമായി. അവിടേയ്ക്കാണ് ഇനി യാത്ര.



## അല്പം ഭൂമിശാസ്ത്രം

ഭൂമിയുടെ തെക്കുതെക്കാണ് ഈ പ്രദേശം. അതിനപ്പുറം മഞ്ഞുഭൂമിയായ അന്റാർട്ടിക്കയാണ്. ഓസ്ട്രേലിയൻ വൻകരയുടെ തെക്കു നിന്നും 240 കിലോമീറ്റർ അകലെ ഒരു ദ്വീപു സമൂഹമാണിത്. ബാസ് കടലിടുക്ക്

വൻകരയെ ദ്വീപിൽ നിന്നും




വേർതിരിക്കുന്നു. ലോകത്തിലെ ഇരുപത്താറാമത്തെ വലിയ ദ്വീപാണ് ടാസ്മാനിയ. ഏതാണ്ട് അഞ്ചരലക്ഷം മനുഷ്യരേ ഈ വലിയ ദ്വീപു സമൂഹത്തിൽ ആകെ വസിക്കുന്നുള്ളൂ. ടാസ്മാനിയയും ചുറ്റുമുള്ള ആയിരത്തോളം ചെറുദ്വീപുകളും ചേർന്ന ഈ പ്രദേശം ഓസ്ട്രേലിയയുടെ ഒരു സംസ്ഥാനമാണിന്ന്. ടാസ്മാനിയയുടെ ചരിത്രം ഏതാണ്ട് 11700 വർഷങ്ങൾക്കു മുൻപ് ആരംഭിക്കുന്നു. സമുദ്രനിരപ്പുയർന്നപ്പോൾ ബാസ് കടലിടുക്ക് രൂപം കൊണ്ടു. അങ്ങനെ മെയിൻ ലാൻഡിൽ നിന്നും ടാസ്മാനിയ വേർപെട്ടു. പിൽക്കാലത്ത് 1642 ൽ ഡച്ച് പരിവേഷകൻ ആയ ആബെൽ ടാസ്മാൻ ഇങ്ങനെ ഒരു ദ്വീപ് കണ്ടെത്തിയെന്നു റിപ്പോർട്ട് ചെയ്തു. ആ ഓർമയ്ക്കായി പ്രദേശത്തിന് ടാസ്മാനിയ എന്നു പേരു നൽകി. കുടിയേറ്റക്കാർ കടന്നുവന്നു. വന്നവർവന്നവർ അവിടം കോളനിയാക്കി. വെറും കോളനിയല്ല, തടവുപുള്ളികളെ പാർപ്പിക്കാനുള്ള യൂറോപ്യൻ തടവറയായി ഈ ദ്വീപ്. അവരുടെ അടുത്ത ലക്ഷ്യം തദ്ദേശവാസികളെ ഇല്ലാതാക്കലായിരുന്നു. ആകെയുണ്ടായിരുന്ന മൂവായിരത്തോളം തദ്ദേശീയർ പിന്നീടുള്ള നൂറ്റാണ്ടുകളിൽ ഭൂമുഖത്തു നിന്നും തുടച്ചു നീക്കപ്പെട്ടു. ഇന്ന് പലപല വംശങ്ങൾ ഈ ചെറിയ ദ്വീപിൽ അധിവസിക്കുന്നുണ്ട്. ഇത്രയും എഴുതിയത് ടാസ്മാനിയയെക്കുറിച്ച് ചെറിയൊരു വിവരണം എന്ന നിലയിലാണ്. ഞാൻ ടാസ്മാനിയ തിരഞ്ഞെടുക്കാൻ വേറെയും കാരണമുണ്ട്. എപ്പോഴും ഞാനെന്നോടു തന്നെ പറയുന്ന ഒന്നുണ്ട്, കുറേ കഥകളും സ്വപ്നങ്ങളുമാണ് എന്നെ നയിക്കുന്നതെന്ന്. എന്നെ ടാസ്മാനിയയിലേക്ക് ആകർഷിച്ച ആദ്യത്തെ കാര്യം ഒരു പേരാണ്,ടാസ്മാനിയൻ ഡെവിൾ! അത് കരയിൽ കാണപ്പെടുന്ന ഒരു ചെറുജീവിയാണ്. ഡെവിൾ എന്നു വിളിക്കപ്പെടുന്ന ചെറുജീവിയെന്ന ചിന്ത നൽകിയ കൗതുകം വലുതായിരുന്നു. ഒപ്പം, അധികം വൈകാതെ ആരംഭിക്കുന്ന കടൽജീവിതത്തിനായി മനസ്സിനെ പാകപ്പെടുത്തുക എന്നതും. ഹോങ്കോങ്ങിൽ നിന്നും അയച്ചു കിട്ടിയ, ഞാൻ പണിതുവാങ്ങാൻ ആഗ്രഹിക്കുന്ന നൗകയുടെ ചിത്രം എന്റെ ലാപ്ടോപ്പ് എനിക്കു കാട്ടിത്തരുമ്പോഴൊക്കെ, ആ നൗക സ്വന്തമാക്കിയാൽ ആദ്യം എവിടേക്ക് എന്ന ചിന്ത ഉയർന്നിരുന്നു. എപ്പോഴും അതിനൊരു മറുപടി ഉടനെ ഉയർന്നുവന്നിരുന്നു. അതും ടാസ്മാനിയ തന്നെ. ജൈവവൈവിധ്യങ്ങളുടെ നാട്, ദക്ഷിണസമുദ്രം അതിരിടുന്ന ദ്വീപ്, കൂടാതെ ബാസ് സ്ട്രെയിറ്റ് കടന്നുള്ള യാത്ര. പൊതുവേ ബാസ് സ്ട്രെയിറ്റ് നാവികരുടെ പേടിസ്വപ്നമാണ്. അപ്രതീക്ഷിതമായി രൂപംകൊള്ളുന്ന കൊടുങ്കാറ്റുകളും, പവിഴപ്പുറ്റുകളും ഒക്കെ ചെറുവള്ളങ്ങൾക്ക് വെല്ലുവിളിയാണ്. സാധാരണഗതിയിൽ ടാസ്മാനിയയിലേക്കുള്ള സഞ്ചാരത്തിന് വിമാനമോ ഏതാണ്ട് പന്ത്രണ്ടു മണിക്കൂർ നീണ്ടുനിൽക്കുന്ന വലിയ കപ്പൽയാത്രയോ ആണ് ഏവരും സ്വീകരിക്കാറ്. എന്നാൽ, കടലിൽ ഒരു ചെറുബോട്ടിൽ പത്തുവർഷം നീണ്ടുനിൽക്കുന്ന ഒരു ജീവിതം സ്വപ്നംകാണുന്ന എനിക്ക്, ആ തുടക്കത്തിന്റെ തുടക്കം ഒരു അസാധാരണ യാത്രയിലൂടെ വേണം എന്നുണ്ടായിരുന്നു. ഇന്നെന്റെ, നൗക ചിത്രത്തിൽ മാത്രമാണുള്ളത്. ഈ യാത്രയിൽ ഞാൻ ആ ദ്വീപിലേക്ക് വെറും യാത്രികനാണ്. എന്നാൽ, എന്റെ സ്വപ്നം യാഥാർത്ഥ്യമായാൽ ഇതേ പാതയിൽ ഞാൻ ഏകനായി, സ്വയം നാവികനായി സഞ്ചരിക്കും. ടാസ്മാനിയ എന്നെ അത്രകണ്ടു പ്രലോഭിപ്പിച്ചു എന്നുമാത്രം ഇപ്പോൾ കുറിക്കട്ടെ.

### യാത്രയുടെ നാൾവഴി

കഴിഞ്ഞ ഓസ്ട്രേലിയൻ യാത്രയിൽ നടക്കാതെ പോയത് സാക്ഷാത്കരിക്കാൻ, ഒരു പുലർകാല സ്വപ്നത്തിന്റെ വിളിക്കു പിന്നാലെ ഞാൻ ഇറങ്ങിപ്പുറപ്പെടുകയായിരുന്നു. ജൂൺ ഇരുപത്തൊന്നിന് അബുദാബിയിൽ നിന്നും നേരെ മെൽബണിലേക്ക്. അവിടെ ജിലോങ്ങിൽന്നും ജൂൺ 25 ന് ഒരു ചെറുബോട്ടിൽ ടാസ്മാനിയയിലെ ഡാവൻപോർട്ടിലേക്ക്. 26 ന് രാത്രി തിരികെ ജിലോങ്ങിലെത്തുക, തുടർന്ന് മുപ്പതിന് മെൽബണിൽ നിന്നും അബുദാബിയിലേക്ക്. ഇതാണ് യാത്രയുടെ ഒമ്പതു നാളുകൾ.

### മെൽബണിലെ കാഴ്ചകൾ

പതിനാലുമണിക്കൂർ നീണ്ട അബുദാബി–മെൽബൺ

വിമാനയാത്രയുടെ ക്ഷീണം, ഉറങ്ങിത്തീർക്കാതെ മറ്റൊന്നിനെക്കുറിച്ചു അന്നേ ദിവസം ഞാൻ ചിന്തിച്ചതേയില്ല. പുലർച്ചെ മെൽബണിൽ എത്തിയ ഞാൻ സൗത്ത് ബാങ്കിലെ ഹോട്ടലിൽ ആണ് റൂം എടുത്തിരുന്നത്. മെൽബൺ സെൻട്രൽ ബിസിനസ് ഡിസ്ട്രിക്ടിൽ നിന്നും ഒരു കിലോമീറ്റർ തെക്കുഭാഗത്താണ് സൗത്ത് ബാങ്ക്. എന്തുകൊണ്ട് സൗത്ത് ബാങ്ക് താമസിക്കാൻ തിരഞ്ഞെടുത്തു എന്നു ചോദിച്ചാൽ അവിടെ ടർട്ട് സ്ട്രീറ്റിലെ ഓസ്ട്രേലിയൻ സെൻട്രൽ ഫോർ കണ്ടംപററി ആർട്ട് ഗാലറിയും ഗ്രാൻഡ് സ്ട്രീറ്റിലെ മാൽത്തോസ് തീയറ്ററും കാണാൻ വേണ്ടി എന്നാണുത്തരം. മാത്രവുമല്ല ഒരു യാത്രികൻ ആഗ്രഹിക്കുന്ന ഒട്ടുമിക്ക കാര്യങ്ങളും ഒന്നു നടന്നുവരുന്ന ദൂരത്തിൽ ഇവിടെ ലഭ്യവുമാണ്. രുചികരങ്ങളായ ഭക്ഷണം ഒരുക്കി വിളമ്പുന്ന മികച്ച റെസ്റ്ററന്റുകളുടെ നിരതന്നെ ഇവിടെക്കാണാം. ചരിത്രം ഓർമിപ്പിക്കുന്ന മ്യൂസിയങ്ങൾ, ഷോപ്പിങ്ങിനായി മികച്ച കേന്ദ്രങ്ങൾ, ഇവയൊക്കെ ഡൗൺടൗണിൽ അനായാസം കണ്ടെത്താം.

ഉച്ചവരെ നീണ്ടഉറക്കം, പിന്നെ എഴുന്നേറ്റ്, ഫ്ലിൻഡേഴ്സ് സ്ട്രീറ്റിലൂടെ ഒരു നടത്തത്തിനിറങ്ങി. ഫ്ലിൻഡേഴ്സ് സ്ട്രീറ്റ് ഓസ്ട്രേലിയയിലെ ഒരു പ്രധാന ലാൻഡ് മാർക്ക് ആണ്. ഓസ്ട്രേലിയയിലെ ഏറ്റവും പഴയ റെയിൽവേ സ്റ്റേഷനുകളിൽ ഒന്നും ഈ ഫ്ലിൻഡേഴ്സ് സ്ട്രീറ്റ് റെയിൽവേ സ്റ്റേഷനാണ്. ഇവിടുത്തെ പച്ച നിറത്തിലുള്ള ചെമ്പ് താഴികക്കുടം മറ്റുള്ളവയിൽ നിന്നും ഈ സ്റ്റേഷനെ വ്യത്യസ്തമാക്കുന്നു. യാരാനദിക്കു സമാന്തരമായി സ്ഥിതിചെയ്യുന്ന ഈ തെരുവ് മാത്യു ഫ്ലിൻഡേഴ്സ് എന്ന ബ്രിട്ടീഷ് സാഹസിക യാത്രികന്റെ പേരിലാണ് അറിയപ്പെടുന്നത്. തെരുവിലെ കാഴ്ചകൾ കണ്ടും യാത്രയുടെ യഥാർത്ഥലക്ഷ്യത്തെ സ്വപ്നം കണ്ടും ചുറ്റിത്തിരിഞ്ഞ് ആദ്യ ദിവസം കടന്നു പോയി.

അടുത്ത ദിവസം രാവിലെ എഴുന്നേറ്റത് അന്നേ ദിവസത്തെ കാര്യങ്ങൾ പ്ലാൻ ചെയ്തുവെച്ചുകൊണ്ടായിരുന്നു. മെൽബണിലെ പ്രശസ്തമായ ലാൻഡ്മാർക്കുകളിൽ ഒന്നാണ് ക്വീൻ വിക്ടോറിയ മാർക്കറ്റ്. 1878 മാർച്ച് 20 ന് ഔദ്യോഗികമായി തുറന്ന ഈ മാർക്കറ്റ് 140 വർഷത്തിലേറെയായി മെൽബണിൽ പ്രവർത്തിച്ചുവരുന്നു. ഏഴ് ഹെക്ടർ (17 ഏക്കർ) വിസ്തൃതിയുള്ള ഇത് ദക്ഷിണാർദ്ധഗോളത്തിലെ ഏറ്റവും വലിയ ഓപ്പൺ എയർ മാർക്കറ്റാണ്. മെൽബണിലെ ആദ്യകാല കൊളോണിയൽ ജനങ്ങളുമായുള്ള ബന്ധവും 19-ആം നൂറ്റാണ്ടിലെ ഒരു മെട്രോപൊളിറ്റൻ വിപണിയുടെ സ്വഭാവസവിശേഷതകൾ പ്രകടിപ്പിക്കാനുള്ള കഴിവും കണക്കിലെടുത്ത് ഈ മാർക്കറ്റിൽ പിൽക്കാലത്ത് നിരവധി പരിവർത്തനങ്ങൾ ഉണ്ടായി. നിലവിൽ ദേശീയ പൈതൃക പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് ഈ മാർക്കെറ്റ്.

'വിക് മാർക്കറ്റ്' അല്ലെങ്കിൽ 'ക്വീൻ വിക്' എന്നും അറിയപ്പെടുന്ന വിക്ടോറിയ ക്വീൻ മാർക്കറ്റ് ഒരു നൂറ്റാണ്ടിലേറെയായി മെൽബണിന്റെ ഹൃദയവും ആത്മാവുമാണ്. രണ്ട് നഗര ബ്ലോക്കുകളിലായി വ്യാപിച്ചുകിടക്കുന്ന ചരിത്രപ്രധാന നാഴികക്കല്ലാണിത്. ഓസ്ട്രേലിയൻ പഴങ്ങളും പച്ചക്കറികളും, പ്രാദേശികവും ഇറക്കുമതി ചെയ്തതുമായ രുചികരമായ ഭക്ഷണങ്ങൾ, വസ്ത്രങ്ങൾ, സുവനീറുകൾ തുടങ്ങി 600-ലധികം ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കിടയിൽ ഷോപ്പുചെയ്യാൻ കഴിയുന്ന ഊർജസ്വലവും തിരക്കേറിയതുമായ ഒരു നഗരവിപണിയാണിത്. മാർക്കറ്റിൽ ചുറ്റിനടക്കുന്നത് ഞാൻ ശരിക്കും ആസ്വദിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ആളുകളെ ഞാൻ കണ്ടുമുട്ടി. മെൽബണിൽ എത്തിയാൽ മറക്കാതെ സന്ദർശിക്കേണ്ട സ്ഥലമാണിത്. ഒരാൾക്ക് ദിവസം മുഴുവൻ മാർക്കറ്റിൽ ചെലവഴിക്കാം.

മാർക്കറ്റിൽ നിന്ന് ഷോപ്പിംഗ് നടത്താൻ ഞാൻ മറന്നില്ല. മാർക്കറ്റിൽ നിന്ന് വിക്ടോറിയ നാഷണൽഗാലറിയിലേക്ക് നടക്കാൻ ഞാൻ തീരുമാനിച്ചു. 1861-ൽ സ്ഥാപിതമായ, വിക്ടോറിയയിലെ നാഷണൽ ഗാലറി ഇന്ന് ഈ പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട കലാസമാഹാരമാണ്. ആയിരക്കണക്കിന് വർഷങ്ങൾ നീണ്ടുനിൽക്കുന്ന 76,000-ത്തിലധികം കൃതികളുടേയും ആശയങ്ങളുടെയും ശൈലികളുടെയും ഒരു വലിയ നിധിയാണിവിടം. തികച്ചും സൗജന്യമായി ഇവിടം സന്ദർശിക്കാം നമുക്ക്. ഇത് ഓസ്ട്രേലിയയിലെ ഏറ്റവും പഴക്കമേറിയതും വലുതുമായ പൊതു ആർട്ട് ഗാലറിയാണിത്.

ഗാലറിയിൽ ചുറ്റിനടന്ന സമയം ഞാൻ ശരിക്കും ആസ്വദിച്ചു. 'ദി ഗ്രേറ്റ് ഓഷ്യൻ ഡ്രൈവ്' എന്ന ഏറ്റവും അത്ഭുതകരമായ റോഡ് യാത്രയ്ക്കായി തയ്യാറെടുക്കേണ്ടതിനാൽ തുടർന്നു ഞാൻ ഹോട്ടലിലേക്കു മടങ്ങി.

### ഗ്രേറ്റ് ഓഷ്യൻ ഡ്രൈവ്

ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിലാണ് ഗ്രേറ്റ് ഓഷ്യൻ റോഡ് ആദ്യമായി ആസൂത്രണം ചെയ്തത്. കൺട്രി റോഡ്സ് ബോർഡ് ചെയർമാൻ വില്യം കാൽഡർ, പടിഞ്ഞാറൻ ജില്ലയിലെ ജനവാസം കുറഞ്ഞ പ്രദേശങ്ങളിലെ റോഡുകളിൽ ജോലി ചെയ്ത സൈനികർക്ക് ഫണ്ട് നൽകണമെന്ന് സ്റ്റേറ്റ് വാർ കൗൺസിലിനോട് ആവശ്യപ്പെട്ടിരുന്നു. ഒന്നാം ലോകമഹായുദ്ധസമയത്ത്, വിക്ടോറിയയുടെ പരുക്കൻ തെക്ക്-പടിഞ്ഞാറൻ തീരത്തേക്ക് കടൽ വഴിയോ പരുക്കൻ കുറ്റിക്കാടുകൾ വഴിയോ മാത്രമേ എത്തിച്ചേരാനാകുമായിരുന്നുള്ളൂ. ഗ്രേറ്റ് ഓഷ്യൻ റോഡ് ഒരു സ്മാരകമായി സമർപ്പിക്കുന്നതിനു പുറമേ, തീരത്തെ ഒറ്റപ്പെട്ട ജനവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കുകയും മരവ്യവസായത്തിന്റെയും വിനോദസഞ്ചാരത്തിന്റെയും സുപ്രധാന ഗതാഗതലിങ്കായി മാറുകയും ചെയ്യുമെന്നും വില്യം കാൽഡർ വിഭാവനം ചെയ്തു.

സൗത്ത് കോസ്റ്റ് റോഡ് എന്ന് താൽക്കാലികമായി പേരിട്ടിരുന്ന റോഡിനായുള്ള സർവേ 1918-ൽ ആരംഭി

ച്ചു, റോഡ് ബാർവോൺ ഹെഡ്സിൽ നിന്നും ആരംഭിച്ച്, കേപ് ഒട്ട്വേയ്ക്ക് ചുറ്റുമുള്ള തീരത്ത് പടിഞ്ഞാറ് പിന്നിട്ട് വാർണാംബൂളിനടുത്ത് അവസാനിക്കുന്നു. 1918-ൽ, പ്രസിഡന്റ് ഹോവാർഡ് ഹിച്ച്കോക്കിന്റെ നേതൃത്വത്തിൽ ഒരു സ്വകാര്യ കമ്പനിയായി ഗ്രേറ്റ് ഓഷ്യൻ റോഡ് ട്രസ്റ്റ് രൂപീകരിച്ചു. ഹിച്ച്കോക്ക് തന്നെ 3000 പൗണ്ട് സംഭാവന ചെയ്തതോടെ സ്വകാര്യ സംരംഭകരിൽ നിന്നും കടമെടുപ്പിൽ നിന്നും 81,000 പൗണ്ട് മൂലധനം നേടാൻ കമ്പനിക്ക് കഴിഞ്ഞു. കടം തീരുന്നതു വരെ ഡ്രൈവർമാരിൽ നിന്ന് ടോൾ ഈടാക്കി പണം തിരികെനൽകുമെന്നും, തുടർന്ന് റോഡ്, സംസ്ഥാനത്തിന് സമ്മാനിക്കുമെന്നും തീരുമാനമായി.

ഇന്ന്, ഗ്രേറ്റ് ഓഷ്യൻ റോഡ് ലോകത്തിലെ ഏറ്റവും മനോഹരമായ തീരദേശ ടൂറിങ് റൂട്ടുകളിലൊന്നാണ്. വിക്ടോറിയയുടെ തെക്ക്-പടിഞ്ഞാറ് അതിമനോഹരമായ തീരപ്രദേശത്ത് 243 കിലോമീറ്റർ വ്യാപിച്ചുകിടക്കുന്നു ഇത്. മലഞ്ചെരിവുകളിലൂടെയും, അതിമനോഹരമായ ഹെഡ്ലാൻഡുകളിലൂടെയും, കടൽത്തീരങ്ങളിലൂടെയും, നദീമുഖങ്ങളിലൂടെയും, സമൃദ്ധമായ മഴക്കാടുകളിലൂടെയും റോഡ് ചുറ്റിക്കറങ്ങുമ്പോൾ വിശാലമായി കാഴ്ചകൾ ആസ്വദിക്കാം. ലോണിനും അപ്പോളോ ബേയ്ക്കും ഇടയിലുള്ള ഭാഗം ഗ്രേറ്റ് ഓഷ്യൻ റോഡിന്റെ ഏറ്റവും മനോഹരമായ ഭാഗമായി പലരും കണക്കാക്കുന്നു. അപ്പോളോ ബേയ്ക്ക് പുറത്ത്, പോർട്ട് കാംബെൽ ദേശീയ ഉദ്യാനത്തിന്റെ മുഴുവൻ നീളത്തിലും തീരത്തെ ആലിംഗനം ചെയ്യുന്ന ഈ റോഡ്, ഗ്രേറ്റ് ഒട്ട്വേ ദേശീയ ഉദ്യാനത്തിന്റെ മധ്യത്തിലൂടെ അവിടുത്തെ ഇനിയും മനുഷ്യ സ്പർശമേൽക്കാത്ത മഴക്കാടുകളേയും ചുറ്റിവരുന്നു.

12 അപ്പോസ്തലന്മാർ എന്നറിയപ്പെടുന്നത് കടൽക്കരയിലെ ചുണ്ണാമ്പ്ശിലാരൂപങ്ങളുടെ വിസ്മയിപ്പിക്കുന്ന ശേഖരം ഉൾക്കൊള്ളുന്ന ഗ്രേറ്റ് ഓഷ്യൻ റോഡിലെ ഏറ്റവും പ്രശസ്തമായ ഭാഗമാണ്. ദക്ഷിണസമുദ്രത്തിലെ ഉഗ്രമായ തിരമാലകളുടെ ശക്തിയിൽ കൊത്തിയെടുക്കപ്പെട്ടവയാണിവ. ഈ കൂറ്റൻ ചുണ്ണാമ്പുകല്ല് ഘടനകൾ സമുദ്രത്തിൽ നിന്ന് 45 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു, ഏകദേശം 20 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് കടൽത്തീരത്തെ മൃദുവായ ചുണ്ണാമ്പുകല്ല് പാറകളെ തിരകൾ കാർന്നെടുത്തുണ്ടായവയാണിവ.

12 അപ്പോസ്തലന്മാരിൽ നിന്ന് ഞാൻ ലോച്ച് ആർഡ് ഗോർജ് സന്ദർശിക്കാൻ പോയി. ലോച്ച് ആർഡ് ഗോർജ് അതിശയകരമായ കാഴ്ചയാണ്. പന്ത്രണ്ട് അപ്പോസ്തലന്മാരുടെ പടിഞ്ഞാറ് ഭാഗത്തുനിന്നും ഏതാനും മിനിറ്റുകളുടെ മാത്രം ദൂരത്താണിത്. ഗ്രേറ്റ് ഓഷ്യൻ റോഡിലെ ഏറ്റവും മനോഹരമായ ബീച്ചുകളിൽ ഒന്നുമാണ് ഇത്. ഗ്രേറ്റ് ഓഷ്യൻ റോഡ് വാഹനമോടിക്കാൻ സുരക്ഷിതമാണെങ്കിലും, ഇതിന്റെ 120 കിലോമീറ്റർ ദൂരത്തിലുള്ള ലോച്ച് ആർഡ് ഗോർജ് എന്ന തീരപ്രദേശത്തിന് കുപ്രസി



ദ്ധമായ ഭൂതകാലമാണുള്ളത്. പോർട്ട് ഫെയറി മുതൽ കേപ് ഒട്ട്വേ വരെയുള്ള റോഡിന്റെ ഭാഗം കപ്പൽ തകർച്ചയുടെ തീരം എന്നാണ് അറിയപ്പെടുന്നത്. 1700-1800 കളിൽ, ഈ കൊടുങ്കാറ്റുള്ള കടൽപ്പാത ഒരു ജനപ്രിയ വ്യാപാരപാതയുടെ ഭാഗമായിരുന്നു, എന്നാൽ കടൽ പ്രക്ഷുബ്ധമായപ്പോൾ പല ബോട്ടുകളും തീരത്തെ പാറക്കെട്ടുകളിൽ ഇടിച്ചുതകർന്നുതുടങ്ങി. പ്രശസ്ത പര്യവേക്ഷകനായ മാത്യു ഫ്ലിൻഡേഴ്സ് പോലും ഈ തീരത്തെ ഭയപ്പെട്ടിരുന്നു. ഇവിടുത്തെ കടലിൽ ഏകദേശം 700 കപ്പലുകളുടെ അവശിഷ്ടങ്ങൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു, എന്നാൽ ഇതുവരെ 240 എണ്ണം മാത്രമേ കണ്ടെത്തിയിട്ടുള്ളൂ. ഇന്ന്, കപ്പൽ അവശിഷ്ടങ്ങൾ കാണാനുള്ള ഏറ്റവും നല്ല സ്ഥലമാണിത്. കപ്പൽച്ചേതത്തെത്തുടർന്ന് ടോം പിയേഴ്സും ഇവാ കാർമൈക്കിളും കരയിൽ കയറി 12 അപ്പോസ്തല

ന്മാർക്ക് സമീപം രാത്രി ചെലവഴിച്ചതും ഇവിടെയാണ്. ഇംഗ്ലണ്ടിൽ നിന്ന് മെൽബണിലേക്കുള്ള അവരുടെ മൂന്ന് മാസത്തെ യാത്രയ്ക്കൊടുവിൽ അടുത്തുള്ള മട്ടൺബേർഡ് ദ്വീപിൽ തകർന്ന ലോച്ച് ആർഡ് എന്ന കപ്പലിന്റെ പേരിൽ നിന്നാണ് ലോച്ച് ആർഡ് ഗോർജ് എന്ന പേര് ലഭിച്ചത്. ലോച്ച് ആർഡ് ഗോർജിൽ നിന്ന് ഞാൻ ഒട്ടേസ് ദേശീയഉദ്യാനത്തിലേക്കു യാത്രയായി. ദിനോസർയുഗത്തെ അനുസ്മരിപ്പിക്കുന്ന ഇടമാണിത്. ഉയരമുള്ള മരങ്ങൾക്കും ഭീമാകാരമായ ഫേണുകൾക്കും ഇടയിലൂടെ നടന്ന് മനോഹരമായ വെള്ളച്ചാട്ടങ്ങൾ കണ്ടു. ഗ്രേറ്റ് ഓഷ്യൻ റോഡ് ടൂറിലെ മനോഹരമായ തീരപ്രദേശത്ത് നിന്ന് മാറി കാനനക്കാഴ്ചകൾക്കുള്ള പ്രദേശമാണ് ഇത്. ഗ്രേറ്റ് ഓഷ്യൻ റോഡിലെ പ്രധാന ആകർഷണങ്ങളിലൊന്നാണ് ട്രിപ്പിൾ ഫാൾസ്. ഏകദേശം ഒരു മണിക്കൂർ നീളുന്ന റിട്ടേൺ ലൂപ്പാണ് ആ കാഴ്ച കാണാനുള്ള നടത്തത്തിനു വേണ്ടി വന്നത്.

ഒരു നീണ്ട ദിവസത്തിനു ശേഷം, രാത്രി 9:30 ന് ഞാൻ തിരികെ ഹോട്ടലിൽ എത്തി. ഇനിയാണ് യാത്രയുടെ യഥാർത്ഥലക്ഷ്യം. അടുത്തദിവസത്തെ കപ്പലോട്ടത്തിനുള്ള ബാഗുകൾ ഞാൻ പാക്ക്ചെയ്തു. ഒരേസമയം എന്നിൽ ആവേശവും ആശങ്കയും നിറഞ്ഞു, എന്നിരുന്നാലും, കാര്യങ്ങൾ ശരിയാകുമെന്ന് ഞാൻ സ്വയം ഉറപ്പിച്ചു.

### ഗീലോങ് മുതൽ ഡെവോൺപോർട്ട് (ടാസ്മാനിയ) വരെ

മുമ്പ് വാൻ ഡീമെൻസ് ലാൻഡ്, എന്നറിയപ്പെട്ടിരുന്ന ടാസ്മാനിയ ഓസ്ട്രേലിയയിലെ ദ്വീപ് സംസ്ഥാനമാണ്. വിക്ടോറിയ സംസ്ഥാനത്തിന് തെക്ക് 150 മൈൽ (240 കി.മീ) അകലെയാണ് ഇത് സ്ഥിതിചെയ്യുന്നത്. മെയിൻലാൻഡിൽ നിന്നും താരതമ്യേന ആഴം കുറഞ്ഞ ബാസ് കടലിടുക്ക് ഈ ദ്വീപിനെ വേർതിരിക്കുന്നു. ഡച്ച് നാവിഗേറ്റർ-പര്യവേക്ഷകനായ ആബെൽ ജാൻസൂൺ ടാസ്മാൻ എന്ന 1642-ൽ ഈ ദ്വീപ് കണ്ടെത്തിയ ആദ്യത്തെ യൂറോപ്യന്റെ പേരിലാണ് സംസ്ഥാനത്തിന് ഈ പേര് ലഭിച്ചത്. എന്നിരുന്നാലും, 1856 വരെ, ടാസ്മാനെ തന്റെ പര്യവേഷണ യാത്രയ്ക്ക് അയച്ച ഡച്ച് ഈസ്റ്റ് ഇൻഡീസിന്റെ ഗവർണറായ ആന്റണി വാൻ ഡീമന്റെ പേരിലാണ് ഈ ദ്വീപ് വാൻ ഡീമെൻസ് ലാൻഡ് എന്ന പേരിലാണ് എന്നറിയപ്പെട്ടിരുന്നത്. ടാസ്മാനിയ ദ്വീപിലാണ് രാജ്യത്തെ ഏറ്റവും മനോഹരമായ പർവതങ്ങളും തടാകങ്ങളും തീരദേശങ്ങളും സ്ഥിതി ചെയ്യുന്നത്. അതു പോലെ ഈ ദ്വീപിന്റെ ഭൂരിഭാഗവും ദേശീയപാർക്കുകളായും റിസർവുകളായും സംരക്ഷിച്ചിരിക്കുന്നു. ടാസ്മാനിയയുടെ തലസ്ഥാനം ഹോബാർട്ട് ആണ്. വളരെക്കാലമായുള്ള എന്റെ സ്വപ്നമാണ് ഈ ടാസ്മാനിയൻ യാത്ര. പിങ്ക് ഗ്രാനൈറ്റ് പർവതങ്ങളും വെളുത്ത മണൽ നിറഞ്ഞ ബീച്ചുകളും ഇടതൂർന്ന യൂക്കാലിപ്റ്റസ് വനങ്ങളുമുള്ള ഈ അതിശയകരമായ പ്രദേശത്ത് വർഷം മുഴുവനും സൂര്യപ്രകാശം ലഭിക്കുന്നു. അതുപോലെ വൈൻഗ്ലാസ് ബേ സ്ഥിതിചെയ്യുന്നത് ഇവിടെയാണ്. അതിമനോഹരമായ, ഈ ഉൾക്കടൽ ടാസ്മാനിയയിലെ ഏറ്റവും കൂടുതൽ ഫോട്ടോ എടുക്കപ്പെട്ട പ്രകൃതിദത്ത ആകർഷണമാണ്. ടാസ്മാനിയയിൽ വരുന്നൊരാൾക്ക് ശുദ്ധവായു ശ്വസിക്കാനും ലോകത്തിലെ ഏറ്റവും ശുദ്ധമായ വെള്ളം കുടിക്കാനും കഴിയും. വായു വളരെ ശുദ്ധമാണെന്നത് വെറും പറച്ചിലല്ല, ശ്വസിക്കുമ്പോൾ അക്ഷരാർത്ഥത്തിൽ അതനുഭവപ്പെടും. ഓസ്ട്രേലിയയുടെ മെയിൻലാൻഡിൽ നിന്നുള്ള ടാസ്മാനിയയുടെ ഒറ്റപ്പെടൽ, ഒരു ചെറിയ നായയുടെ വലിപ്പമുള്ള ടാസ്മാനിയൻ ഡെവിൾ എന്ന ജീവി ഉൾപ്പെടെ, ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ അപൂർവമോ വംശനാശം സംഭവിച്ചതോ ആയ മൃഗങ്ങൾക്കും സസ്യങ്ങൾക്കും ഒരു അഭയസ്ഥാനമാക്കി മാറ്റുന്നു.

കണ്ണീരുപോലെ തെളിഞ്ഞ ജലമുള്ള ഡോവ് തടാകത്തിൽ പ്രതിഫലിക്കുന്ന ക്രാഡിൽ പർവതത്തിന്റെ സിലൗറ്റ്, ടാസ്മാനിയയിലെ ഏറ്റവുംമികച്ച പ്രകൃതിദത്ത ഐക്കണുകളിൽ ഒന്നാണ്. പെൻസിൽ പൈൻ വെള്ളച്ചാട്ടം, ബോൾറൂം വനം, വൊംബാറ്റ് പൂൾ ഒക്കെ ഇവിടുത്തെ കാഴ്ചകളാണ്.

### ടാസ്മാനിയയിൽ എങ്ങനെ എത്തിച്ചേരാം?

കടൽ വഴി: - ഗീലോങ്ങിനും ഡെവോൺപോർട്ടിനും ഇടയിലുള്ള സ്പിരിറ്റ് ഓഫ് ടാസ്മാനിയ ഫെറിക്ക് 9-11 മണിക്കൂർ എടുക്കും. രണ്ട് തുറമുഖങ്ങളിൽനിന്നും രാത്രിയിൽ പുറപ്പെടുന്ന ഇരട്ടക്കപ്പലുകൾ പിറ്റേന്ന് രാവിലെ ലക്ഷ്യസ്ഥാനത്ത് എത്തും. സെപ്തംബർ മുതൽ ഏപ്രിൽ വരെയുള്ള കാലയളവിൽ ഡേ സെയിലിംഗും ലഭ്യമാണ്. ഇവ രാവിലെ പുറപ്പെടുകയും വൈകുന്നേരത്തോടെ ലക്ഷ്യസ്ഥാനത്ത് എത്തുകയും ചെയ്യും.

ടാസ്മാനിയയിലേക്കുള്ള ഗീലോംഗ് ഫെറി നിരവധി ആളുകൾക്ക് പ്രിയപ്പെട്ട യാത്രയാണ്. കൂടാതെ, കടത്തുവള്ളത്തിലൂടെയുള്ള ടാസ്മാനിയയിലേക്കുള്ള യാത്രയും വളരെ ആവേശകരമാണ്.

ഫ്ലൈറ്റ് വഴി: ടാസ്മാനിയയ്ക്ക് ഏറ്റവും അടുത്തുള്ള ഓസ്ട്രേലിയൻ മെയിൻലാൻഡ് നഗരമാണ് മെൽബൺ. ക്വാണ്ടാസ്, വിർജിൻ ഓസ്ട്രേലിയ, ജെറ്റ്സ്റ്റാർ എന്നിവയാണ് മെൽബണിൽ നിന്ന് ഹോബാർട്ടിലേക്കും ലോൺസെസ്റ്റണിലേക്കും നേരിട്ടുള്ള ഫ്ലൈറ്റുകൾ നടത്തുന്നത്.

ഞാൻ കടൽ വഴി പോകാൻ തീരുമാനിച്ചു. കടൽമാർഗം തിരഞ്ഞെടുക്കാനുള്ള കാരണം ബാസ് സ്ട്രെയിറ്റ് ക്രോസിംഗ് ആണ്. ബാസ് സ്ട്രെയിറ്റിന്റെ പടിഞ്ഞാറ്, കിംഗ് ഐലൻഡും ഇന്ത്യൻ മഹാസമുദ്രവും. കിഴക്ക് ഫർണിയക്സ് ദ്വീപുകളും അതിരിടുന്നു.

അബോർജിനൽ എന്ന പല സംസ്കാരങ്ങൾ കൂടിക്കലർന്ന മനുഷ്യരുടെ നാടാണിന്ന് ടാസ്മാനിയ. ബോട്ടുകാരോടു സംസാരിച്ച് പേയ്മെൻറ് നൽകി, മറ്റ് ഡോക്യു




മെന്റുകളും നൽകി ഞാൻ യാത്രയ്ക്കു മാനസികമായി തയ്യാറായി. ഇതൊരു ചെറിയയാത്രയാണ്. ഒരു രാത്രിയിൽ ആരംഭിച്ച് തൊട്ടടുത്ത രാത്രി മടക്കയാത്ര നിശ്ചയിച്ച യാത്ര. ഏതാണ്ട് ഒമ്പതുമണിയോടെ യാത്ര തുടങ്ങി. ഹാർബറിൽ നിന്നും പുറപ്പെടുമ്പോൾ വളരെ സാവകാശമാണ് ബോട്ട് സഞ്ചരിച്ചത്. ഹാർബറിലെ തിരക്കിൽ നിന്നൊക്കെ ഒഴിവായി പുറങ്കടലിലേക്ക് എത്തിയതോടെ ഞാൻ കടൽ എന്ന വിസ്മയത്തിലേക്കു കണ്ണുനട്ടു. രാത്രിയുടെ കനത്ത അന്ധകാരത്തിലേക്കു മിന്നൽപ്പിണറുകൾ ആകാശത്തു വെളിച്ചം വിതറി മറയുമ്പോൾ തെളിയുന്ന കാർമേഘവും, ഉയരുന്ന തിരകളും. തണുത്ത കാറ്റെന്നെ കിടുകിടെ വിറപ്പിച്ചു. ഞാൻ ഇടയ്ക്കിടയ്ക്ക് അകത്തെ ചൂടിൽ അഭയം തേടിയും, വീണ്ടും ആ തണുപ്പിലേക്ക് ഇറങ്ങിനിന്നും മെല്ലെ സൂര്യനെ സ്വാഗതം ചെയ്യാനൊരുങ്ങി. ആറുമണിക്കു മുൻപ് ബോട്ട് തീരം തൊട്ടു. അപരിചിത ദേശമാണിത്. എന്നാൽ എനിക്കിന്ന് അപരിചിതദേശമില്ല. കാലങ്ങളായുള്ള നിർത്താത്ത സഞ്ചാരം ഒരു വിനോദസഞ്ചാരിയുടെ പരിഭ്രമങ്ങൾക്കപ്പുറം സഞ്ചാരിയുടെ ശാന്തത നൽകിത്തുടങ്ങിയിരിക്കുന്നു. യാതൊരു തിരക്കുമില്ലാത്ത നിരത്തിലൂടെ ഞാൻ നടന്നു.

ഓരോ ദ്വീപിനും ഓരോ കഥയുണ്ട്. ധാരാളം വയസ്സർ അതിരാവിലെ നടക്കാൻ ഇറങ്ങിയിട്ടുണ്ട്. അവർക്കൊപ്പം അവരുടെ നായ്ക്കുട്ടികളും. ഞാൻ അവരോടു സംസാരിച്ചാണ് നടന്നത്. നല്ല വിശപ്പുണ്ട്. വഴിയിൽ കണ്ട മക്ഡൊണാൾസിൽ കയറി ഭക്ഷണം കഴിച്ച് അല്പനേരം വിശ്രമിച്ചശേഷം ഞാൻ മെർസി ബ്ലഫ് ലൈറ്റ്ഹൗസിലേക്ക് നടക്കാൻ തീരുമാനിച്ചു. കടൽത്തീരത്തോടു ചേർന്നു കിടക്കുന്ന ബ്ലഫ് റോഡിൽ നിന്ന്, മെർസി ബ്ലഫ് സ്റ്റേറ്റ് റിസർവിലേക്കുള്ള ബ്ലഫ് ആക്സസ് റോഡ് വഴി നടന്നു തുടങ്ങി. കടൽത്തീരത്തോടു ചേർന്നുള്ള ചെറുറോഡിലൂടെ നടക്കുമ്പോൾ തദ്ദേശീയരുടെ വീടുകൾ കാണാം, അതുപോലെ പല കാരണങ്ങൾകൊണ്ട് അകാലത്തിൽ മരിച്ചവരുടെ ശവകുടീരങ്ങളും അതിലെ എഴുത്തുകളും കണ്ടു. എനിക്കു തിരക്കില്ലല്ലോ. പിന്നെ ശവകുടീരങ്ങളിലെ കുറിപ്പുകൾ വായിച്ചു. മരണകാരണങ്ങൾ ഹൃദയസ്പർശിയായി രേഖപ്പെടുത്തിയിരിക്കുന്നു അവയിൽ. കടൽ കൊണ്ടുപോയവർ, അപകടങ്ങളിൽ ഉയിർനഷ്ടമായവർ, ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർ.... മരണം പലവിധം. ഞാൻ അല്പനേരം കടൽ നോക്കി നിന്നു. കണ്ണടച്ച് ആവോളം ശുദ്ധവായു ശ്വസിച്ചു. മെർസി ബ്ലഫ് ലൈറ്റ് ഹൗസും കടലിനെ അഭിമുഖീകരിക്കുന്ന വശത്തുള്ള അതിന്റെ വ്യതിരിക്തമായ ലംബമായ ചുവന്ന വരകളും നഷ്ടപ്പെടുത്താനാകാത്ത കാഴ്ചയാണ്. വിളക്കുമാടത്തിൽ പുറത്തു നിന്നുള്ളവർക്കു പ്രവേശനമില്ല. അതിനാൽ അത് വെളിയിൽ നിന്ന് ഞാൻ കണ്ടു. ആ കാഴ്ച അതിമനോഹരമായിരുന്നു.

വിളക്കുമാടത്തിൽ നിന്നും മടങ്ങും വഴി, ഞാൻ ബാസ് സ്ട്രെയിറ്റ് മാരിടൈം സെന്ററിൽ ഇറങ്ങി. എയ്കെൻ ഹെഡ് പോയിന്റിന്റെ അതേ പരിസരത്ത് ഗ്ലൗസെസ്റ്റർ അവന്യൂവിൽ സ്ഥിതി ചെയ്യുന്ന ബാസ് സ്ട്രെയിറ്റ് മാരിടൈം സെന്റർ, ഡെവോൺപോർട്ടിലെ ആളുകൾക്ക് ബാസ് സ്ട്രെയ്റ്റുമായി ഉള്ള ബന്ധത്തിനും ചരിത്രത്തിനുമായി സമർപ്പിച്ചിരിക്കുന്നു. പ്രാദേശിക നാവികചരിത്രം അവിടെ വിശദമായി ചിത്രീകരിച്ചിട്ടുണ്ട്. കപ്പൽ അവശിഷ്ടങ്ങൾ, ബാസ് സ്ട്രെയിറ്റ് മത്സ്യബന്ധനം, ഗതാഗതം എന്നിവ ഉൾക്കൊള്ളുന്ന ആറ് തീം മുറികൾ അവിടെയുണ്ട്. അവിടുത്തെ സന്ദർശനത്തിന്റെ ഒരു ഹൈലൈറ്റ്, തുറമുഖത്തിലൂടെ ഒരു കപ്പൽ ഓടിക്കുന്ന ഇന്ററാക്ടീവ് ടേക്ക് ദ ഹെൽം അനുഭവം ലഭിക്കുമെന്നതാണ്. ഞാനുമൊരു നാവികനാകാൻ കൊതിക്കുന്നു. എനിക്കതിനു സാധിക്കില്ലേ? ഈ കാഴ്ചകൾ എന്നെ പരുവപ്പെടുത്തുകയാണ്. ആന്തരികമായി ഞാൻ ധൈര്യം ആർജിക്കുകയാണ്. കാഴ്ചകൾ എന്നതിനപ്പുറം സ്വയം മോട്ടിവേറ്റഡ് ആവുക എന്ന ലക്ഷ്യത്തോടെയുള്ള യാത്രയാണിത്. മ്യൂസിയത്തിനു പുറത്തിറങ്ങി വീണ്ടും നടപ്പുതുടർന്നു. ഓരോ ചുവടിലും കടൽജീവിതത്തെക്കുറിച്ചുള്ള ചിന്തകൾ എന്റെ ഉള്ളിൽ

ഇരമ്പിയാർത്തത് ഞാൻ തിരിച്ചറിയുകയായിരുന്നു.

ഡെവോൺപോർട്ടിന്റെ ഹൃദയഭാഗത്ത് നിന്ന് 15 മിനിറ്റും ലേക്സൈഡ് ടൂറിസ്റ്റ് കാരവൻ പാർക്കിൽ നിന്ന് ഏതാനും മിനിറ്റുകളുടെയും ദൂരത്തിലാണ് ടാസ്മാനിയൻ അർബോറേറ്റം. വർഷത്തിൽ എല്ലാ ദിവസവും തുറന്നിരിക്കുന്ന ഈ പൂന്തോട്ടം ചുറ്റിനടന്നുകാണാനുള്ള മനോഹരമായ സ്ഥലമാണ്. ഇവിടുത്തെ ലോകമെമ്പാടുമുള്ള മിതശീതോഷ്ണ കാലാവസ്ഥാമരങ്ങളുടെ പ്രദർശനം ഗംഭീരമാണ്. ചുണ്ണാമ്പുകല്ലുകൾ നിറഞ്ഞ പാർക്കിന്റെ ഭാഗത്തുകൂടിയുള്ള നടത്തം ഭൂമിശാസ്ത്രപരമായ സവിശേഷതകളെക്കുറിച്ചുള്ള മികച്ച ഉൾക്കാഴ്ച നൽകുന്നു. ടാസ്മാനിയൻ അർബോറെറ്റത്തിൽ പ്ലാറ്റിപസ് എന്ന മുട്ടയിടുന്ന സസ്തനിയെ ധാരാളം കാണാം. ഓരോന്നും പുതിയ കാഴ്ചകളാണ്.

ശുദ്ധവായു നൽകുന്ന പുത്തനുണർവ് പറയാതെ വയ്യ. വളരെ ശാന്തമായ ഒരിടം. ഞാൻ കടൽത്തീരത്തെ ഒരു പാറയുടെ മുകളിലേക്കു കയറി. സ്ഫടികതുല്യമായ നീലജലം പേറുന്ന വിശാലമായ സമുദ്രമല്ലാതെ മറ്റൊന്നും കാണാനില്ല. അപ്പുറം ഒരു കരയുണ്ട് എന്ന അറിവുണ്ട്. അതു മഞ്ഞുമൂടിയതാണ് എന്ന ചിന്ത എന്നിലെ യാത്രികനെ വീണ്ടുമുണർത്തി. സമുദ്രം തിരകളടക്കി മുന്നിൽ. ചെറുകാറ്റിൽ കൊഴിഞ്ഞ ഒരില പാറി എന്റെ മുന്നിലൂടെ പഞ്ചാരമണലിലേക്ക് വീണു.

ദിവസം വളരെ വേഗത്തിൽ കടന്നുപോയി, എനിക്ക് തുറമുഖത്തേക്ക് മടങ്ങണം. ഗീലോംഗ് യാത്രയ്ക്കായി ഞാൻ ഡെവോൺപോർട്ടിലേക്ക് തിരികെനടന്നു. രാത്രി 9 മണിക്കാണ് മടക്കയാത്ര ആരംഭിച്ചത്, പുലർച്ചെ 5 മണിക്ക് ഗീലോംങിൽ തിരിച്ചെത്തി. അത് കടലിലെ മറ്റൊരു അത്ഭുതകരമായ രാത്രിയായിരുന്നു.

ഗീലോങ്ങിൽ നിന്ന് ഞാൻ സൗത്ത്ബാങ്കിലേക്ക് ട്രെയിൻ തിരഞ്ഞെടുത്തു.

ഒരു പകൽ മുന്നിലുണ്ട്. ഈ ദിവസം, മൂന്നു കാര്യങ്ങൾ പൂർത്തിയാക്കാൻ ഞാൻ നിശ്ചയിച്ചിരുന്നു.

മെൽബൺ അക്വേറിയം: സീൽ ലൈഫ് മെൽബൺ അക്വേറിയം ഒരു രസകരമായ സ്ഥലമാണ്. അതിമനോഹരമായ കടൽജീവിതം കാണാൻ ഏതാനും മണിക്കൂറുകൾ എടുത്തു. നല്ല തിരക്കുണ്ടായിരുന്നെങ്കിലും, ഞാൻ ആ കാഴ്ചകൾ നന്നായി ആസ്വദിച്ചു. അക്വേറിയത്തിൽ നിന്ന് മടങ്ങുംവഴി ഞാൻ ഇമിഗ്രേഷൻമ്യൂസിയം സന്ദർശിച്ചു.

1998-ൽ മെൽബണിലെ ഓൾഡ് കസ്റ്റംസ് ഹൗസിലാണ് ഇമിഗ്രേഷൻ മ്യൂസിയം ആദ്യമായി തുറന്നത്. തദ്ദേശീയരല്ലാത്ത ഓസ്ട്രേലിയക്കാരുടെ ജീവിതത്തിലോ കുടുംബചരിത്രത്തിലോ ഒരു കുടിയേറ്റഅനുഭവം ഉണ്ടെന്നതാണ് ഇത്തരമൊരു കേന്ദ്രം ആരംഭിച്ചതിനു പിന്നിലുള്ളത്. മ്യൂസിയം, കമ്മ്യൂണിറ്റി ഗാലറി, ടൂറിംഗ് എക്സിബിഷനുകൾ, കമ്മ്യൂണിറ്റി ഫെസ്റ്റിവലുകൾ എന്നിവ ഉൾപ്പെടെയുള്ള പൊതു പരിപാടികൾ ഇവിടെ നടത്തുന്നുണ്ട്. സ്ഥിരംപ്രദർശനങ്ങളിൽ വിക്ടോറിയയുടെ ഇമിഗ്രേഷൻ ചരിത്രം, കുടിയേറ്റത്തിന്റെ ആഗോളപ്രചോദനം, വിവിധരാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരുടെ വ്യക്തിഗതകഥകൾ, കപ്പൽയാത്ര, ഓസ്ട്രേലിയയുടെ കുടിയേറ്റനയങ്ങളുടെയും പ്രക്രിയകളുടെയും ചരിത്രം എന്നിവ കാണാം. ഈ ഷോകളിൽ ധാരാളം വ്യക്തിഗത കഥകളും യഥാർത്ഥ ആഡിയോ ക്ലിപ്പുകളും ഉപയോഗിച്ചിട്ടുണ്ട്. മ്യൂസിയത്തിൽ ചെലവഴിച്ച സമയം ഞാൻ ശരിക്കും ആസ്വദിച്ചു.

വിന്റർനൈറ്റ് മാർക്കറ്റ് സന്ദർശിക്കുക എന്നതായിരുന്നു എന്റെ അടുത്ത ലക്ഷ്യം വിന്റർ നൈറ്റ് മാർക്കറ്റ് മെൽബണിലെ ശീതകാല കലണ്ടറിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട ഒരു ഇവന്റാണ്. സ്വാദിഷ്ടമായ ഭക്ഷണം, പ്രത്യേകിച്ച് സീഫുഡ് വിഭവങ്ങൾ, ഫ്ലേം സ്കീവറുകൾ, ഡംപ്ലിംഗ്, അമേരിക്കൻ ഡോനട്ടുകൾ എന്നിവ നൽകുന്ന ഇവിടെ ചില ഫിലിപ്പിനോ, സ്പാനിഷ്, വിയറ്റ്നാമീസ്, പോർച്ചുഗീസ് രുചികളും  പരീക്ഷിക്കാൻ സാധിക്കും. ഞാൻ ഭക്ഷണമൊന്നും വാങ്ങിയില്ല, പകരം എല്ലാം ചുറ്റിനടന്നു കണ്ട് വ്യത്യസ്തസംസ്കാരങ്ങളിൽ നിന്നുള്ള ആളുകളെ നിരീക്ഷിക്കുകയായിരുന്നു. വൈകുന്നേരമായതോടെ ഞാൻ തളർന്നു. അതോടെ ഹോട്ടലിലേക്ക് മടങ്ങാൻ തീരുമാനിച്ചു. പിറ്റേന്ന് ഒരു ദിവസം മുഴുവൻ വിശ്രമത്തിനായി മാറ്റിവെച്ചു. ഒമ്പതു ദിവസം നീളുന്ന യാത്രയിൽ ഇനി ഒരു ദിവസം കൂടി ബാക്കിയുണ്ട്. അതുകഴിഞ്ഞാൽ മടക്കയാത്ര. സത്യത്തിൽ എല്ലാം ആരംഭിക്കാനുള്ള യാത്രയുടെ തുടക്കവും ഇതേ യാത്ര തന്നെ എന്നു ഞാൻ ഉറപ്പിച്ചു.

അബുദാബി നഗരത്തിന് ഉറക്കമില്ല. തിരക്കിൽ നിന്നും തിരക്കിലേക്കു മനുഷ്യർ പുളയുന്നു. ഇപ്പോൾ ഞാനുമതിൽ ഒരാളാണ്.

പക്ഷേ, ഒന്നുറപ്പാണ്, മൈ ലൈഫ് ഗോസ് വെയർ ദ വിൻഡ് ബ്ലോസ്....

